(സി) കെ. എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ ഗവേണിംഗ് ബോഡി തീരുമാനത്തിനെതിരായി പ്രവർത്തിക്കുവാൻ അതിന്റെ മാനേജിംഗ് ഡയറക്ടർക്ക് അധികാരമുണ്ടോ ;

(ഡി) കെ. എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ ഗവേണിംഗ് ബോഡി പ്രസ്തുത തീരുമാനമെടുത്തശേഷം ആരെയെങ്കിലും ഓവർസിയർ ഗ്രേഡ്-2 ആയി പ്രൊമോട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിൽ എന്ന് പറയുമോ ;

(എഫ്) ഇപ്രകാരം പ്രൊമോട്ട് ചെയ്യുന്നതിന് ഉത്തരവിട്ടതാരാണ് ;

(ജി) നിയമം ലംഘിച്ചുകൊണ്ട് നൽകിയ പ്രൊമോഷൻ റദ്ദാക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോസ്റ്റുകൾ വേണ്ട എന്നു തീരുമാനിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി&ഇ) പോസ്റ്റുകൾ വേണ്ട എന്നു തീരുമാനിച്ചിട്ടില്ല. അതിനാൽ ഗവേണിംഗ് ബോഡിയുടെ തീരുമാനത്തിന് വിധേയമായി താൽക്കാലിക പ്രൊമോഷനാണ് നൽകിയിട്ടുള്ളത്.

(എഫ്) മാനേജിംഗ് ഡയറക്ടർ.

(ജി) നിയമം ലംഘിച്ചതായി തെളിഞ്ഞാൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ഹെൽത്ത് സർവീസിലെ പി.ടി.സി.

122 (2252) ശ്രീ. ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശൂർ ജില്ലയിൽ ഹെൽത്ത് സർവീസിൽ 1996 ഡിസംബറിൽ നിയമനം ലഭിച്ച 50 ഓളം വരുന്ന പി.ടി.സി.മാരെ ഗ്രേഡ്-2 ആയി പ്രൊമോഷൻ നൽകാതെ റിലിംഗ്വീഷ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) മാമ്പ്ര, ഐരാണിക്കുളം, ആളൂർ, കൊടകര, മുപ്ലിയം, എടവിലങ്ങ്, പറപ്പൂക്കര, മേലൂർ, മറ്റത്തൂർ, തൃശൂർ എന്നീ പി.എച്ച്.സി.-കളിലെ പി.ടി.സി.-ക്കാർക്ക് തുടർച്ചയായി ശമ്പളം നൽകുന്നുണ്ടോ ;

(സി) ഇവരോടുള്ള മേലുദ്യോഗസ്ഥരുടെ പെരുമാറ്റത്തെ സംബന്ധിച്ച പരാതി പരിശോധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശൂർ ജില്ലയിൽ ഹെൽത്ത് സർവീസിൽ 1996 വർഷത്തിൽ എച്ച്.എ. ഗ്രേഡ് - 2 ആയി 5 പേരുടെ പ്രൊമോഷൻ റിലിംഗ്വിഷ് ചെയ്തിട്ടുണ്ട്. അവരുടെ പേരുകൾ താഴെ ചേർക്കുന്നു.

1. ശ്രീ. സി. പി. വർക്കി
2. ശ്രീ. എം. ടി. വർക്കി.
3. ശ്രീ. പത്മനാഭൻ
4. ശ്രീ. വിശ്വനാഥൻ
5. ശ്രീമതി കെ. തങ്കമ്മ

(ബി) ശമ്പളം നൽകുന്നതിനെപ്പറ്റി ചില പരാതികൾ ലഭിക്കുകയുണ്ടായി. പഞ്ചായത്തുകൾ മുഖേനയാണ് പി. ടി. സി.-മാർക്ക് ശമ്പളം നൽകുന്നത്. ചില മാസങ്ങളിൽ ഫണ്ടിന്റെ ലഭ്യത ഇല്ലാത്തതുകൊണ്ട് ശമ്പളം കൊടുക്കുവാൻ താമസം ഉണ്ടാകാറുണ്ട്. ലഭിച്ച പരാതികളനുസരിച്ച് നടപടി സ്വീകരിക്കുകയും ശമ്പളം മുടങ്ങാതെ നൽകാനുള്ള നിർദ്ദേശം അതാത് മെഡിക്കൽ ഓഫീസർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇത്തരം പരാതികൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല.

നേഴ്സ്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി

123 (2253) ശ്രീ. എ. എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ നേഴ്സുമാരുടെ അഭാവംമൂലം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആവശ്യമായ നേഴ്സുമാരുടെ സേവനം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) അന്തർ ജില്ലാ സ്ഥലംമാറ്റം വഴി 3 സ്റ്റാഫ് നേഴ്സുമാരെ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലേക്ക് പോസ്റ്റ് ചെയ്തുകഴിഞ്ഞു. കൂടാതെ കൊല്ലം ജില്ലയിലെ പി.എസ്.സി. നിയമനത്തിനായി 32 സ്റ്റാഫ് നേഴ്സ്മാരുടെ ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുകയും പ്രസ്തുത ഒഴിവുകൾ പി.എസ്.സിയെ അറിയിക്കുകയും ചെയ്തു കഴിഞ്ഞു. ഇപ്പോൾ കൊല്ലം ജില്ലയിൽ സ്റ്റാഫ്നേഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ പി. എസ്. സി. യിൽനിന്നും അഡ്വൈസ് മെമ്മോ ലഭിച്ചാലുടൻ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിലെ സ്റ്റാഫ്നേഴ്സുമാരുടെ എല്ലാ ഒഴിവുകളും നികത്തുന്നതിന് മുൻഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly